ശ്രീ. വി. ഗംഗാധരൻ: രാഷ്ട്രീയകാര്യങ്ങളെ പരിഗണിച്ചു് വല്ല ട്രേഡ്‌യൂണിയന്റെയും രജിസ്ട്രേഷൻ റദ്ദ് ചെയ്തിട്ടുണ്ടോ?

ശ്രീ. ടി. കെ നാരായണപിള്ള: ഇല്ല.

ശ്രീ. വി. ഗംഗാധരൻ: കമ്മ്യൂണിസ്റ്റുകാരുടെ കീഴിൽ അല്ലെങ്കിൽ ആനുകൂല്യത്തിന്മേൽ ആണെന്നുള്ള ശങ്കവച്ചുകൊണ്ടു് പല ട്രേഡ്‌യൂണിയന്റെ രജിസ്ട്രേഷനും കാൻസൽ ചെയ്തിട്ടില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: ആ ഒരു ശങ്കയിൽ കാൻസൽ ചെയ്തിട്ടില്ല.

പുതിയ ഹൈസ്കൂളുകൾ

*ശ്രീ. പി. ടി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടിനൽകുമോ.—

(എ) ഈ സ്കൂൾ വർഷത്തിൽ പുതുതായി എത്ര ഹൈസ്കൂളുകൾ അനുവദിച്ചു;

(ബി) എത്ര സ്കൂളുകൾക്കു് അപേക്ഷ ഉണ്ടായിരുന്നു.

(സി) സ്കൂളുകൾ അനുവദിക്കുന്നതിനു് സ്വീകരിച്ച മാനദണ്ഡം എന്തായിരുന്നു?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള:)

(എ) നൂറ്.

(ഡിപ്പാർട്ട്മെൻറൽ റൂൾ, പ്രൈവറ്റ് 8 വ.)

(ബി) ഏഴുനൂറ്.

(സി) ഓരോസ്ഥലത്തുമുള്ള വിദ്യാർത്ഥികളുടെ എണ്ണവും ആ സ്ഥലങ്ങളിലെ വിദ്യാലയങ്ങളുടെ കൂടുതൽ കുറവും.

SALES-TAX OFFICERS

*163. [25] **Sri. P. T. Chacko:** Will the Hon'ble Finance Minister be pleased to state:—

(*a*) whether the Public Service Commission was asked to select candidates from departmental employees for appointment as officers in sales-tax section;

(*b*) whether the Commission selected candidates and made its recommendations; and

(*c*) whether it is a fact that the Government rejected the recommendations of the Commission and directly made the necessary appointments?

Minister for Finance and Revenue **(Sri. A. J. John:)**

(*a*) Yes—for appointments in the Sales-tax Department.

(*b*) Yes.

(*c*) No.

ലാൻഡ് കമ്മിറ്റി റിപ്പോർട്ട്

*ശ്രീ. കെ. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ലാൻഡുകമ്മിറ്റി റിപ്പോർട്ട് ഗവൺമെൻറിലേക്കു ലഭിച്ചിട്ടുണ്ടോ;

†Answer to this question laid on the table the questioner having exhausted his quota.

LIBRARY ARCHIVES Kerala Legislative Assembly